പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കായി സ്വകാര്യ ഹോസ്റ്റലുകൾ

290 (998) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്കായി സർക്കാർ അനുമതിയോടെ സ്വകാര്യ വ്യക്തികളോ ട്രസ്റ്റുകളോ സന്നദ്ധ സംഘടനകളോ ഹോസ്റ്റലുകൾ പ്രവർത്തിപ്പിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്, സ്ഥാപനത്തിന്റെ പേര്, ഉടമ, സ്ഥാപനം പെൺകുട്ടികൾക്കായാണോ ആൺകുട്ടികൾക്കായാണോ, കുട്ടികളുടെ നിലവിലെ എണ്ണം എന്നിവ ഉൾപ്പെടെയുള്ള വിവരങ്ങൾ ജില്ല തിരിച്ചു ലഭ്യമാക്കുമോ ;

(സി) ഇത്തരം സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ് നൽകുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര രൂപയാണ് നൽകുന്നത് ; ഗ്രാന്റ് നൽകുന്നതിനുള്ള മാനദണ്ഡം വിശദമാക്കുമോ ;

(ഡി) ഇത്തരം ഹോസ്റ്റലുകളിൽ താമസിക്കുന്ന കുട്ടികൾക്ക് എത്ര രൂപയാണ് സർക്കാർ അനുവദിക്കുന്നത് ; സർക്കാർ ഹോസ്റ്റലുകളിലെ കുട്ടികൾക്ക് എത്ര രൂപയാണ് അനുവദിക്കുന്നത് ;

(ഇ) ഇത്തരം സ്ഥാപനങ്ങൾക്ക് ഗ്രാന്റ് കടിശ്ശികയുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകാമോ ?

ഉത്തരം

(എ&ബി) ഉണ്ട്. വിശദ വിവരം അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

(സി) ഉണ്ട്. ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 500 രൂപ നിരക്കിൽ ബോർഡിംഗ് ഗ്രാന്റും പ്രതിവർഷം 500 രൂപ നിരക്കിൽ യൂണിഫോം അലവൻസും അനുവദിക്കുന്നു. പട്ടികജാതി വികസന വകുപ്പിന്റെ അംഗീകാരം ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾക്കാണ് ഗ്രാന്റ് നൽകിവരുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ഇത്തരം ഹോസ്റ്റലുകളിൽ ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 500 രൂപ ബോർഡിംഗ് ഗ്രാന്റും പ്രതിവർഷം 500 രൂപ യൂണിഫോം അലവൻസും നൽകി വരുന്നു. പട്ടികജാതി വികസന വകുപ്പ് നടത്തിവരുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 2,000 രൂപ മെസ് ചാർജ്ജും പോക്കറ്റ് മണിയും (ആൺ-140, പെൺ-135) അനുവദിക്കുന്നു. കൂടാതെ 13-5-2010-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 55/2010 പജപവവിവ പ്രകാരമുള്ള ആനുകൂല്യങ്ങളും നൽകി വരുന്നു (പകർപ്പ് അനുബന്ധം II ആയി ചേർത്തിട്ടുണ്ട്)*

(ഇ) ഉണ്ട്. കസ്തൂർബാ ബാലികാസദനം, ഒറ്റപ്പാലം എന്ന സ്ഥാപനത്തിന് ഗ്രാന്റിനത്തിൽ 35,000 രൂപ കുടിശ്ശികയുണ്ട്. കുടിശ്ശിക തുക അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകൾ

291 (999) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. വി. പി. സജീന്ദ്രൻ :

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ ;

(സി) ഈ വിഭാഗത്തിൽ എത്ര പേർ ലോൺ എടുത്തിട്ടുണ്ട് ; ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly